**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **04-07-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ നഷ്ടപരിഹാരം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പ്രളയങ്ങളിൽ ഭൂമിയും വീടും നഷ്ടപ്പെട്ടതുൾപ്പെടെയുള്ള നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല, അനന്തരാവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്ന കേസുകളിലും, കോടതി വ്യവഹാരങ്ങളിൽ പെട്ടിട്ടുള്ളതും ബാങ്ക് അക്കൗണ്ടിലെ പിശക്, പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ട് എന്നിവ മൂലം തുക ക്രെഡിറ്റ് ആകാതെ തിരികെ വന്നിട്ടുള്ള കേസുകളിലും, സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത കേസുകളിലും വീടും ഭൂമിയും പൂർണ്ണമായി നഷ്ടപ്പെട്ടവരിൽ വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിക്കാത്ത കേസുകളിലും പട്ടയം അനുവദിക്കാൻ കാലതാമസം ഉണ്ടായ കേസുകളിൽ ഒഴികെ ബാക്കി എല്ലാ അർഹതയുള്ള ഗുണഭോക്താകൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ബി) | മുൻകാല പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കാലവർഷക്കെടുതികൾ നേരിടുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കാലവർഷ തുലാവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ കൃത്യതയോടെ ചെയ്യുന്നതിനായി കാലവർഷ തുലാവർഷ മുന്നൊരുക്ക മാർഗ രേഖ പ്രസിദ്ധീകരിച്ചു. പ്രളയാവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രളയ സാധ്യതാ പ്രദേശം, അതാത് പ്രളയ സാധ്യതാ പ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയ ജല ഉയരം എന്നിവ പൊതു ജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാന സാഹചര്യം മൂലം മഴയിൽ ഉണ്ടാകാവുന്ന വ്യതിയാനം പരിഗണിച്ച് കൊണ്ടും ഇതേ ആവർത്തന സാധ്യതകൾക്ക് അനുസരിച്ചുള്ള പ്രളയ ഭൂപടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതത് പ്രദേശത്തെ ദുരന്ത സാഹചര്യങ്ങൾക്കനുസരിച്ച് ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും ദുരന്ത സാധ്യത പ്രദേശങ്ങളുടെയും അവിടെ താമസിക്കുന്ന ആൾക്കാരുടെയും വിവരങ്ങൾ ക്രോഡീകരിച്ച് വെക്കുകയും |

| | | | |
|---|---|---|---|
| | | | മുന്നറിയിപ്പുകൾ വരുന്ന മുറക്ക് ഇവരെ മാറ്റിപ്പാർപ്പിക്കാനുമുള്ള നടപടികൾ ജില്ലാദുരന്തനിവാരണ അതോറിറ്റികൾ ചെയ്യുന്നുണ്ട്. ഇത്തരം മേഖലകളിൽ താമസിക്കുന്ന ആൾക്കാരെ പുനരധിവസിപ്പിക്കാൻ വൾനറബിലിറ്റി ലിങ്ക്ഡ് റീലൊക്കേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിക്കുകയും ദുരന്തമുഖങ്ങളിൽ പ്രവർത്തിക്കാനുള്ള 3 ലക്ഷം സന്നദ്ധ പ്രവർത്തകരെ വാർത്തെടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേക്ക് എത്തിക്കാൻ NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനവും ദുരന്ത നിവാരണ അതോറിറ്റിയുടെ സുരക്ഷയാനം മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഡാമുകളുടെ റൂൾ കർവ് നിരീക്ഷിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. നദികളിലെ സംഭരണശേഷിയും സ്വാഭാവിക ഒഴുക്കും നിലനിർത്തുന്നതിന്റെ ഭാഗമായി പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും പാഴ്‌വസ്തുക്കളും നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മുൻകാല പ്രളയ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നദീ ജല മാനേജ്മെന്റിനുവേണ്ടി വിദഗ്ധ അഭിപ്രായം സർക്കാർ സ്വരൂപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | 2018 ലെ പ്രളയാനന്തരം തയ്യാറാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (പി.ഡി.എൻ.എ) റിപ്പോർട്ടിൽ നിർദ്ദേശിക്കും പ്രകാരം ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് എന്ന ആശയം ജലവിഭവ മേഖലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. കുട്ടനാട് മേഖലയിലെ ആവർത്തിച്ചുണ്ടാകുന്ന പ്രളയത്തിന്റെ തീവ്രത കുറയ്ക്കുന്നതിനായി "റൂം ഫോർ റിവർ" പദ്ധതി നടപ്പിലാക്കുന്നതിനായി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിന് മദ്രാസ് ഐ.ഐ.റ്റി യെ ചുമതലപ്പെടുത്തി. പ്രളയ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി, വിദഗ്ദ്ധ സമിതിയുടെ നിർദേശങ്ങൾ പ്രകാരം നദികളിലെയും അത് പോലെ അണകെട്ടുകളിലെയും ജലനിരപ്പ് കൃത്യമായി വീക്ഷിക്കുകയും, ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഡാം മാനേജ്മെന്റിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി നടത്തപെടുന്ന റൂൾ കർവ് കമ്മിറ്റി മീറ്റിങ്ങുകളിലെ തീരുമാന പ്രകാരം അണക്കെട്ടുകളിൽ നിന്നുമുള്ള ജലം ഒഴുക്കി വിടുന്നതിന്റെ അളവ് തീരുമാനിക്കുന്നു. |

സെക്ഷൻ ഓഫീസർ